# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/66/2017 പത്രക്കുറിപ്പ് 2017 മാർച്ച് 27

**പ്രാക്ടിക്കൽ പരീക്ഷ**

ആറാം സെമസ്റ്റർ സി. ബി. സി. എസ്. എസ് പരീക്ഷകളുടെ പ്രാക്ടിക്കൽ ഏപ്രിൽ 10 മുതൽ 22 വരെ അതാത് കേന്ദ്രങ്ങളിൽ നടത്തും. ബന്ധപ്പെട്ട ചെയർമാൻമാർ ഷെഡ്യൂൾ തയ്യാറാക്കി യൂണിവേഴ്സിറ്റിയിലേക്ക് അയക്കണം.

**പരീക്ഷാഫലം**

2016 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം. എം. എച്ച് ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഏപ്രിൽ 11 വരെ സ്വീകരിക്കും.

**എം. ജി യിൽ ഇന്റർനാഷണൽ അക്കാദമിക് കൺവെൻഷൻ സെന്റർ**

2015 - 16 ലെ ചാൻസ്‌ലേഴ്സ് അവാർഡ് തുകയായി സംസ്ഥാന സർക്കാർ അനുവദിച്ച അഞ്ചു കോടി രൂപ സർവ്വകലാശാലയിൽ ഇന്റർനാഷണൽ അക്കാദമിക് കൺവൻഷൻ സെന്റർ ആരംഭിക്കാൻ വിനിയോഗിക്കുമെന്ന് എം. ജി സർവ്വകലാശാലാ സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു. നിർദ്ദിഷ്ട കൺവൻഷൻ സെന്ററിൽ 1200 സീറ്റുകളുള്ള ഓഡിറ്റോറിയം, എക്സിബിഷൻ ഏരിയ, തീയേറ്റർ സ്പേസ്, 192 സീറ്റുകൾ വീതം ഉള്ള 2 കോൺഫറൻസ് റൂമുകൾ, 20 സീറ്റുകളുള്ള കഫറ്റേറിയ, ടെക്നിക്കൽ റൂമുകൾ, ഗസ്റ്റ് റൂമുകൾ, എന്നിവ ഉണ്ടാകും. സർവ്വകലാശാലയിലെ ഗാന്ധിഭവനു സമീപമാവും കൺവൻഷൻ സെന്റർ പണിയുന്നത് .

കൺവൻഷൻ സെന്ററിന്റെ ശിലാസ്ഥാപനം മാർച്ച് 29 ബുധനാഴ്ച 12 മണിക്ക് സംസ്ഥാന ഗവർണ്ണറും സർവ്വകലാശാലാ ചാൻസിലറുമായ റിട്ട : ജസ്റ്റീസ്. പി. സദാശിവം നിർവ്വഹിക്കും.

**അടിക്കുറിപ്പ്**

എം. ജി സർവ്വകലാശാലയിലെ നിർദ്ദിഷ്ട ഇന്റർനാഷണൽ അക്കാദമിക് കൺവെൻഷൻ സെന്ററിന്റെ മാതൃക

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**